**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5842** **08-07-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷനിലെ ഓൺലൈൻ ടെണ്ടർ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ ടെണ്ടർ വിവരങ്ങൾ കരാറുകാർക്ക് ചോർത്തി നൽകി തിരുവനന്തപുരം കോർപ്പറേഷനിൽ കോടികളുടെ ക്രമക്കേട് നടന്നതായുള്ള വാർത്തകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ഓൺലൈൻ ടെണ്ടർ സംബന്ധിച്ചുള്ള വാർത്തകൾ പ്രകാരം വകുപ്പുതല അന്വേഷണം നടത്തിയിട്ടില്ല. തിരുവനന്തപുരം നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.<br><br>സാങ്കേതികാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നോട്ടീസ്, ബി.ഒ.ക്യു എന്നിവ പ്രൈസ്-3 സോഫ്റ്റ് വെയർ മുഖാന്തിരം തയ്യാറാക്കി ഓൺലൈൻ ടെണ്ടർ സൈറ്റിൽ അപ്ലോഡ് ചെയ്ത് ടെണ്ടർ ചെയ്യുന്നു. ടെണ്ടർ സൈറ്റിൽ സാങ്കേതിക അനുമതി തുകയുടെ അടിസ്ഥാനത്തിൽ ടെൻഡർ സബ്മിഷൻ കാലാവധി നിശ്ചയിച്ച് ടെണ്ടർ, e-tender സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. ടെണ്ടർ സബ്മിഷൻ കഴിഞ്ഞതിനു ശേഷം 1 മുതൽ 3 ദിവസം കഴിഞ്ഞ് ടെണ്ടർ ഓപ്പൺ ചെയ്യുന്നു. ടെണ്ടർ ക്ലോസിംഗ് സമയം കഴിഞ്ഞതിനു ശേഷം മാത്രമേ എത്ര ബിഡ്ഡർ ടി ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടെന്നു അറിയുവാൻ സാധിക്കുകയുള്ളൂ. ഇതിൽ ബിഡ്ഡർ ക്വാട്ട് ചെയ്ത തുകയോ, പേരു വിവരങ്ങളോ ലഭ്യമല്ല. ലോവസ്റ്റ് ക്വാട്ട് ചെയ്ത ബിഡ്ഡർ ഓട്ടോമാറ്റിക് ആയി ജനറേറ്റ് ആകുന്നു. ടി പേപ്പർ ഡൗൺലോഡ് ചെയ്ത് പ്രൈസ്-3 ൽ അപ്ലോഡ് ചെയ്യുന്നു. അതിനെ തുടർന്ന് ടെണ്ടർ അംഗീകാരത്തിനായി കൗൺസിലിലേക്ക് അയയ്ക്കുന്നു. കൗൺസിൽ ടി ടെണ്ടർ അംഗീകരിച്ചതിനു ശേഷം പ്രൈസ് സോഫ്റ്റ് വെയറിൽ സെലക്ഷൻ നോട്ടീസും, എഗ്രിമെന്റും വച്ച് സൈറ്റ് ഹാൻഡ് ഓവർ നൽകുന്നു. അത്യാവശ്യം ഘട്ടങ്ങളിൽ ടെണ്ടർ ലഭിക്കാത്തതോ, സിംഗിൾ ബിഡ്ഡ് ആയിട്ടുള്ളതോ ആയ പ്രവൃത്തികൾ കൂടുതൽ ടെണ്ടർ ലഭിക്കാനായി സമയം ദീർഘിപ്പിച്ചു നൽകാറുണ്ട്. e-tender സൈറ്റിൽ ക്വാട്ട് ചെയ്ത തുകയോ, പേരോ ടെണ്ടർ തുറന്ന് പരിശോധിച്ചാൽ |

| | | | |
|---|---|---|---|
| | | | മാത്രമേ ലഭിക്കുകയുള്ളൂവെന്നതിനാൽ ടെണ്ടർ വിവരങ്ങൾ ചോർത്തി നൽകുന്നതിന് സാധിക്കുന്നതല്ല. ആയതിനാൽ e-tender സൈറ്റ് മുഖേന നടത്തപ്പെടുന്ന ടെണ്ടറുകളിൽ ക്രമക്കേട് നടത്തുന്നതിനുള്ള സാധ്യത വിരളമാണ്. |
| (ബി) | ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഏതെങ്കിലും ടെണ്ടറിൽ നിയമ വിരുദ്ധമായ പ്രവൃത്തി നടന്നതായി കണ്ടെത്തുകയോ, ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ